**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **08-10-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന്റെ കെട്ടിടം നിർമിക്കുന്നതിന് ആവശ്യമായ ഭൂമി തരംമാറ്റുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ പാരിസ്ഥിതിക കമ്മിറ്റി എന്തു നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രീയവിദ്യാലയത്തിനായി നികത്തപ്പെടേണ്ട ഭൂമിയുടെ വിസ്തൃതി 8 ഏക്കർ ആയതിനാലും പരിവർത്തനപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് സംസ്ഥാനതല സമിതി റിപ്പോർട്ടു ചെയ്യുകയുണ്ടായി. |
| (ബി) | മൊത്തം 8 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയത്തിന് നൽകിയെങ്കിലും ഇതിൽ 1.5 ഏക്കർ കരഭൂമി ഉണ്ട് എന്ന വസ്തുത കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | കേന്ദ്രീയ വിദ്യാലയത്തിനായി അനുവദിക്കപ്പെട്ട 8 ഏക്കർ ഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ നെൽവയൽ എന്ന നിർവ്വചനത്തിൽപ്പെട്ട ഭൂമിയാണ് . പ്രസ്തുത സ്ഥലത്തിന്റെ നടുവിലായി 1.20 ഏക്കർ സ്ഥലം ചിറ യാണ്. |
| (സി) | ഇതേ സ്ഥലത്തുതന്നെ കടുത്തുരുത്തി പോളിടെക്നിക് പണിതിരിക്കുന്നുവെന്നകാര്യം കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | പരിശോധിച്ചിട്ടില്ല. |
| (ഡി) | കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലമാണ് തരംമാറ്റുന്നതിന് ആവശ്യപ്പെട്ടതെന്ന വസ്തുത കമ്മിറ്റിയെ ബോധ്യപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് വേണ്ടി 8 ഏക്കർ നിലം പരിവർത്തനപ്പെടുത്തുന്നതിനാണ് പ്രാദേശികതല നിരീക്ഷണ സമിതി സംസ്ഥാനതല സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചത് . |
| (ഇ) | ഈ പരിസ്ഥിതി ആഘാതപഠനം ഒരിക്കൽകൂടി നടത്തി ഇപ്പോൾ സമർപ്പിച്ച റിപ്പോർട്ട് പുന:പരിശോധിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ? | (ഇ) | നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ